# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3555 — 22.08.2017 - ൽ മറുപടിക്ക്

## സ്വാശ്രയ നേഴ്സിംഗ് അലോട്ട്മെന്റ്

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | സ്വാശ്രയ നേഴ്സിംഗ് പ്രവേശനത്തിനു വേണ്ടി എൻട്രൻസ് കമ്മീഷണർ അലോട്ട്മെന്റ് നടത്തുവാൻ എന്നാണ് നിശ്ചയിച്ചിരുന്നത് ; അത് യഥാസമയം നടത്താതിരുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; | എ) | ഒന്നാം അലോട്ട്മെന്റ് 10.07.2017-നും അവസാന അലോട്ട്മെന്റ് 31.07.2017-നും നടത്താനാണ് നിശ്ചയിച്ചിരുന്നത്. യഥാസമയം അലോട്ട്മെന്റ് നടത്താതിരുന്ന കാര്യം സർക്കാർ പരിശോധിച്ചു. കഴിഞ്ഞ അദ്ധ്യയന വർഷം വരെ പ്രൊസ്പെക്ടസ് അംഗീകരിച്ചതിനു ശേഷം സർക്കാരുമായി കരാർ ഒപ്പിടുന്ന സ്വാശ്രയ നേഴ്സിംഗ് കോളേജുകൾക്കെല്ലാം തന്നെ അലോട്ട്മെന്റ് നൽകി വരികയാണ് ചെയ്തിരുന്നത്. എന്നാൽ കഴിഞ്ഞ വർഷത്തിൽ നിന്നും വ്യത്യസ്തമായി ഈ വർഷം സ്വാശ്രയ മാനേജുമെന്റുകളുമായി ഒപ്പിട്ട കരാറിൽ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല, ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ, കേരള നഴ്സസ് & മിഡ് വൈഫ്സ് കൗൺസിൽ എന്നിവയിൽ നിന്നും അംഗീകാരം/അഫിലിയേഷൻ ലഭിക്കുന്ന കോളേജുകൾക്ക് മാത്രമേ അലോട്ട്മെന്റ് നൽകുകയുള്ളൂ എന്ന ഒരു നിബന്ധന കൂടി ഉൾപ്പെടുത്തുകയുണ്ടായി.<br>അംഗീകാരം/അഫിലിയേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസവും, ബി.എസ്.സി നഴ്സിംഗ് അഡ്മിഷനായി ലഭിച്ച അപേക്ഷകളിൽ പട്ടികജാതി-പട്ടികവർഗ്ഗ സർട്ടിഫിക്കറ്റിന്റെ വാസ്തവികത (Genuineness) പരിശോധനാ ഫലം കിർത്താഡ്സിൽ നിന്നും ലഭിക്കാനുണ്ടായ കാലതാമസവും മൂലമാണ് മുൻനിശ്ചയ പ്രകാരമുള്ള അലോട്ട്മെന്റ് നടത്താൻ കഴിയാതിരുന്നത്. |
| ബി) | യഥാസമയം അലോട്ട്മെന്റ് നടത്താത്തതിനാൽ അർഹരായ കുട്ടികൾക്ക് പ്രസ്തുത കോളേജുകളിൽ അഡ്മിഷൻ ലഭിക്കുന്നുണ്ടോയെന്ന കാര്യം വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കുമോ ; | ബി) | അലോട്ട്മെന്റ് വൈകി എന്ന കാരണത്താൽ അർഹരായ കുട്ടികൾക്ക് അഡ്മിഷൻ നിഷേധിക്കപ്പെടുന്നില്ല . |

സെക്ഷൻ ഓഫീസർ